# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.900 11/06/2014 - ൽ മറുപടിക്ക്

## ഇ.എസ്.ഐ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>,, വർക്കല കഹാർ<br>,, ബെന്നി ബെഹനാൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) ഇ.എസ്.ഐ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | എ) പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും സമഗ്രവും സമ്പൂർണ്ണവുമായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും രോഗാവസ്ഥ, ഗർഭാവസ്ഥ, സ്ഥിരമായോ താൽകാലികമായോ ഉണ്ടാകുന്ന വൈകല്യങ്ങൾ, ജോലിസ്ഥലത്ത് ഉണ്ടാകുന്ന അപകടങ്ങൾ എന്നിവയ്ക്ക് ചികിത്സാസൗകര്യം ഉറപ്പു വരുത്തുന്നു. പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് എല്ലാത്തരത്തിലുമുള്ള ആരോഗ്യ പരിരക്ഷ, നിരവധി ഡിസ്പെൻസറികൾ ഇ.എസ്.ഐ ആശുപത്രികൾ എന്നിവ വഴി സൗജന്യമായി ഉറപ്പു വരുത്തുന്നു. ഇതു കൂടാതെ പ്രസവാനുകൂല്യം, സിക്ക്നെസ്സ് ബെനിഫിറ്റ്, പെർമനന്റ് ഡിപ്പൻഡന്റ് ബെനിഫിറ്റ്, ഡിപ്പന്റഡന്റ് ബെനിഫിറ്റ്, എൻഹാൻസ്ഡ് സിക്ക്നെസ്സ് ബെനിഫിറ്റ്, ഫ്യൂണറൽ എക്സ്പെൻസ്,കൺഫൈൻമെന്റ് എക്സ്പെൻസ് തുടങ്ങിയ സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നു. |
| ബി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള ശമ്പളപരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ബി) നിലവിലെ ശമ്പള പരിധി ഒരു മാസത്തിൽ 15000/രൂപയാണ്. പദ്ധതിയുടെ ആനുകൂല്യത്തിനായുള്ള ഈ ശമ്പള പരിധിയിൽ വർദ്ധന വരുത്തിയിട്ടില്ല. |